കെ.എസ്.ആർ.ടി.സി.യിലെ ഓഫീസുകൾക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ

296 (3808) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി- യിലെ ഓഫീസുകൾക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ ഏത് ഏജൻസി. വഴിയാണ് ചെയ്യുവരുന്നതെന്നും പ്രതിവർഷം പ്രിന്റിംഗിന് എത്ര തുക ചെലവുവരുമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലെ ഏതെങ്കിലും സ്ഥാപനം മുഖേന പ്രിന്റിംഗ് ജോലികൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യ്ക്ക് ആവശ്യമായ എല്ലാ പ്രിന്റിംഗ് ജോലികളും ഗവൺമെന്റിന് കീഴിലെ ഏതെങ്കിലും സ്ഥാപനങ്ങൾ മുഖേനയാക്കാൻ നിയമതടസ്സമുണ്ടോ ; എങ്കിൽ അതുമാറ്റി ഗവൺമെന്റ് സ്ഥാപനങ്ങൾ മുഖേന മാത്രം ഇവിടേയ്ക്കാവശ്യമായ പ്രിന്റിംഗ് ജോലികൾ നടത്തുന്നതിനും അതിലൂടെ സുതാര്യത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രിന്റിംഗ് ജോലികൾ ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം; കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (ത്രിവേണി സ്റ്റേഷനറി ഡിവിഷൻ), കുന്നംകുളം; സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ടെയിനിംഗ്, തിരുവനന്തപുരം എന്നീ ഗവൺമെന്റ് സ്ഥാപനങ്ങളിലും കൂടാതെ മത്സരാധിഷ്ഠിത ദർഘാസ് മുഖേന സ്വകാര്യ പ്രസ്സുകൾ വഴിയുമാണ് ചെയ്യുവരുന്നത്.

2013-14 വർഷത്തിൽ - 1,63,25,082 രൂപയും

2014-15 വർഷത്തിൽ - 82,19,384 രൂപയും ചെലവായിട്ടുണ്ട്.

(സി) നിയമതടസ്സമില്ല.

എന്നാൽ കെ.എസ്,.ആർ.ടി.സി.-യുടെ ടിക്കറ്റ് അച്ചടിക്കുക തുടങ്ങിയ ജോലികൾ എല്ലാം തന്നെ ഏറ്റെടുക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് പലപ്പോഴും സാധിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly